**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3817

11-11-2019 ൽ മറുപടിയ്ക്ക്

# കറുകച്ചാൽ നെടുങ്കുന്നം പ്രദേശത്ത് പുതിയ ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
| --- | --- |
| **ഡോ.എൻ.ജയരാജ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ മുൻഗണന പട്ടിക തയാറാക്കിയിട്ടുണ്ടെങ്കിൽ പ്രസ്തുത പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ; | എ) പുതിയ ഫയർസ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് ഫയർ & റെസ്ക്യൂ വകുപ്പ് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ച മുൻഗണനാ പട്ടിക സർക്കാർ പരിശോധിച്ചു വരികയാണ്. ആയതിന്മേൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| ബി) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ നെടുങ്കുന്നം, കറുകച്ചാൽ, കങ്ങഴ, മണിമല, വെള്ളാവൂർ പഞ്ചായത്തുകളിലും തിരുവല്ല നിയോജകമണ്ഡലത്തിലെ മല്ലപ്പള്ളി പഞ്ചായത്തിനും പ്രയോജനം ലഭിക്കത്തക്കവിധത്തിൽ നെടുങ്കുന്നത്തോ കറുകച്ചാലിലോ പുതിയ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) നിലവിൽ പരിഗണനയിൽ ഇല്ല. |
| സി) ആവശ്യമായ സ്ഥലം തദ്ദേശ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നൽകിയാൽ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള മറ്റ് തടസ്സങ്ങളെന്തൊക്കയാണെന്ന് വ്യക്തമാക്കാമോ? | സി) പ്രദേശത്തെ ജനസാന്ദ്രത, റെസ്പോൺസ് ടൈം (ഗ്രാമ പ്രദേശങ്ങളിൽ 20 മിനിറ്റും, പട്ടണ പ്രദേശങ്ങളിൽ 5 മിനിറ്റും), പ്രദേശത്തിന്റെ ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ, പ്രദേശത്തിന്റെ അഗ്നി സുരക്ഷയെ ബാധിക്കാൻ സാധ്യതയുള്ള പ്രമുഖ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച്, പ്രസ്തുത സ്ഥലത്ത് ഫയർസ്റ്റേഷൻ ആരംഭിക്കേണ്ടതിന്റെ |

ആവശ്യകത ബോദ്ധ്യപ്പെടുന്നപക്ഷം ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി മാത്രമേ ഫയർസ്റ്റേഷൻ ആരംഭിക്കുവാൻ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ